# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ ചാർജ്ജ്) നടപടിക്രമം

(ഹാജർ: ശ്രീമതി. എസ്. നിഷ)

വിഷയം:- കുടുംബശ്രീ - ത്രിതല സംഘടനാ സംവിധാനം തെരഞ്ഞെടുപ്പ് - 2017-18 - തെരഞ്ഞെടുപ്പ് ചെലവുകൾ - ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 05/12/2017-ലെ സ.ഉ. (പി)നം. 95/2017/തസ്വഭവ ഉത്തരവ്

<u>ഉത്തരവ് നമ്പർ 3737/എം/2017/കെഎസ്എച്ച്ഒ തീയതി 16..12..2017</u>

പരാമർശ പ്രകാരം കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം സി.ഡി.എസ്., എ.ഡി.എസ്. തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് 2017-18 സംബന്ധിച്ചുള്ള ചെലവുകൾ ജില്ലാ മിഷനുകൾ/സി.ഡി.എസ്. ചുവടെ ചേർക്കും പ്രകാരം നിർവ്വഹിക്കുന്നതിന് ഉത്തരവാകുന്നു.

1. സി.ഡി.എസ്., എ.ഡി.എസ്. തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾക്ക് (പ്രിന്റിംഗ്, സ്റ്റേഷനറി, തപാൽ ചാർജ്ജ്, ഫോട്ടോസ്റ്റാറ്റ്, മറ്റു ചെലവുകൾ) 4,000/- രൂപ പരിധിക്കു വിധേയമായി സി.ഡി.എസ്സിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു. തനത് ഫണ്ട് ലഭ്യമല്ലാത്ത സി.ഡി.എസ്. ഉണ്ടെങ്കിൽ അത്തരം സി.ഡി.എസ്സുകൾക്ക് മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുക ജില്ലാ മിഷനിലെ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണ ശീർഷകത്തിൽ നിന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അനുവദിക്കാവുന്നതാണ്. പ്രസ്തുത തുകയുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ള സി.ഡി.എസ്സുകളുടെയും സി.ഡി.എസ്. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന സി.ഡി.എസ്സുകളുടെയും വിശദാംശങ്ങൾ പ്രത്യേകം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

2. കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ നടത്തുന്ന പരിശീലനങ്ങൾ, ഓണറേറിയം/ അലവൻസ്, ടി.എ., വിവിധ ഫോറങ്ങളുടെ പ്രിന്റിംഗ്, ഫോട്ടോകോപ്പി, സ്റ്റേഷനറി എന്നിവയ്ക്ക് ആവശ്യമായ തുക പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണ ശീർഷകത്തിൽ വകയിരുത്തുന്നതിന് അനുമതി നൽകുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ ചാർജ്ജ്)**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി (ജില്ല മിഷൻ മുഖേന)

പകർപ്പ്

1. അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ / അധികം